പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5105 — 23.03.2018-ൽ മറുപടിക്ക്

## വേതന സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, മുഹമ്മദ് മുഹസിൻ പി.<br>,, കെ. രാജൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതനവിതരണം സുതാര്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതനവിതരണം സുതാര്യമാക്കുന്നതിനും തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി വഴി തൊഴിലാളികൾക്ക് അവരുടെ വേതനം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. ടി ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് പരിശോധിക്കുന്നതിനും ടി പദ്ധതി വഴി സാധിക്കുന്നു. സ്ഥാപന പരിശോധനകളിലൂടെയും ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നുണ്ട്. മിനിമം വേതനം ലഭ്യമാക്കാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) വേതന സുരക്ഷാ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൽ ജീവനക്കാർക്ക് തൊഴിലുടമ നൽകുന്ന വേതനം ബന്ധപ്പെട്ട അധികാരികൾ അറിയുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) വേതന സുരക്ഷാ പദ്ധതി വിശദമായി വിലയിരുത്തുകയും വകുപ്പിന് ആവശ്യമായ രീതിയിലുള്ള ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. വേതന സുരക്ഷാ പദ്ധതി പോലെയുള്ള ലേബർ കമ്മീഷണറേറ്റിലെ ഇ-ഗവേണൻസ് പദ്ധതികളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നതിനു വേണ്ടി ലേബർ കമ്മീഷണറേറ്റിൽ ഒരു ഐ.റ്റി.സെക്ഷൻ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ഓഫീസർമാർക്കും നൽകിയിട്ടുള്ള യൂസർ നെയിമും പാസ്‌വേർഡും |

ഉപയോഗിച്ച് അവരുടെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങൾ വേതനസുരക്ഷാ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുള്ള വേതനം സംബന്ധിച്ച വിവരങ്ങൾ നേരിട്ട് വിലയിരുത്താനും നടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

(സി) വേതന സുരക്ഷാപദ്ധതി കൃത്യമായി നടപ്പാക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, ഫാക്ടറീസ് ആക്ട് എന്നീ നിയമങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നത്. വേതനസുരക്ഷാ പദ്ധതി സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന ചോദ്യവും ഈ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സംവിധാനത്തിൽ വെയിറ്റേജ് ലഭിക്കുന്ന തരത്തിലുള്ള ക്രമീകരണമാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ.